**കേരള സർക്കാർ**

സംഗ്രഹം

നിർവ്വഹണ ഉദ്യോഗസ്ഥന്മാരായ ഡെപ്യൂട്ടി ഡയറക്ടർ നരവംശശാസ്ത്രം, ഡെപ്യൂട്ടി ഡയറക്ടർ പരിശീലനം, ഡെപ്യൂട്ടി ഡയറക്ടർ വികസന പഠനം എന്നിവരുടെ പേരിൽ കോഴിക്കോട് ജില്ലാ ട്രഷറിയിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **906/2018/ധന.** തിരുവനന്തപുരം, തീയതി **05.02.2018**

പരാമർശം - കിർടാഡ്സ് ഡയറക്ടറുടെ 18.01.2018 ലെ ബി 4182/2017 നമ്പരായുള്ള കത്ത്.

**ഉത്തരവ്**

വകുപ്പിലെ വിവിധ പരിശീലന പരിപാടികൾ, വർക്ക് ഷോപ്പ്, സെമിനാർ എന്നിവയുടെ ബില്ലുകളുടെ തുക ഓഫീസിലെ ഡി.ഡി.ഒ ആയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നതെന്നും എന്നാൽ മേൽ പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥന്മാർ ഈ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർമാരാണ് എന്നും കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വച്ച് ഒരേ സമയം നടത്തുന്ന വിവിധ പരിശീലന പരിപാടികളുടെ ഗുണഭോക്താക്കൾക്ക് ചെക്ക് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഒപ്പിട്ടു നൽകുക എന്നത് പ്രായോഗികമായി സാധ്യമല്ലാതായിരിക്കുകയാണ് എന്നും അതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാരായ ഡെപ്യൂട്ടി ഡയറക്ടർ നരവംശശാസ്ത്രം, ഡെപ്യൂട്ടി ഡയറക്ടർ പരിശീലനം, ഡെപ്യൂട്ടി ഡയറക്ടർ വികസന പഠനം എന്നിവരുടെ പേരിൽ കോഴിക്കോട് ജില്ലാ ട്രഷറിയിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണം എന്നും കിർടാഡ്സ് ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി, നിർവ്വഹണ ഉദ്യോഗസ്ഥന്മാരായ ഡെപ്യൂട്ടി ഡയറക്ടർ നരവംശശാസ്ത്രം, ഡെപ്യൂട്ടി ഡയറക്ടർ പരിശീലനം, ഡെപ്യൂട്ടി ഡയറക്ടർ വികസന പഠനം എന്നിവരുടെ പേരിൽ കോഴിക്കോട് ജില്ലാ ട്രഷറിയിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, കോഴിക്കോട്, 673 017
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ